പി.എസ്.സി. ലിസ്റ്റിൽനിന്നും ഹയർസെക്കണ്ടറി അദ്ധ്യാപകരെ നിയമിക്കാൻ നടപടി

485 [1491] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ഹയർസെക്കണ്ടറി സീനിയർ ടീച്ചർ (എച്ച്. എസ്.എസ്.ടി.) തസ്തികയിലേക്ക് എച്ച്. എസ്.എ./യു. പി. എസ്.എ. ടീച്ചർമാരിൽനിന്നും പ്രമോഷൻ വഴി നിയമനം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഈ പ്രമോഷൻ നൽകുന്നതിന്റെ അനുപാതം എത്രയാണ്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേഡർസ്ട്രംഗ്തിന്റെ 25%-ത്തിൽ കൂടുതൽ പ്രമോഷൻ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹയർസെക്കണ്ടറി തലത്തിൽ ആകെ എത്ര എച്ച്.എസ്.എസ്.ടി. തസ്തികകൾ ഉണ്ട്; ഇതിൽ പ്രമോഷൻവഴി എത്രപേർക്ക് നിയമനം നൽകി; പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(ഇ) എത്ര എച്ച്.എസ്.എസ്.ടി. തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ (താല്ക്കാലിക നിയമനം) നിയമനം നൽകിയിട്ടുണ്ട്; ഇനി എത്ര തസ്തികകളിൽ ഒഴിവുണ്ട് എന്നു വ്യക്തമാക്കാമോ;

(എഫ്) ഒഴിവുള്ള എച്ച്.എസ്.എസ്.ടി. തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) &(ബി) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായി എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് എച്ച്.എസ്.എ./യു.പി.എസ്.എ.-മാരിൽനിന്നും പ്രമോഷൻവഴി നിയമനം നൽകുന്നുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരം എച്ച്.എസ്.എസ്.ടി. തസ്തികയിലേക്ക് എച്ച്.എസ്.എസ്.ടി. (ജൂനിയർ) മാരിൽ നിന്നാണ് നിയമനം നടത്തുന്നത്. ഇവരുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ യോഗ്യരായ ഡിപ്പാർട്ട്മെന്റൽ എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ.-മാരിൽനിന്ന് തസ്തിക മാറ്റംവഴിയും നേരിട്ടുള്ള നിയമനം വഴിയും എച്ച്.എസ്.എസ്.ടി. നിയമനം നടത്തുന്നു. ഈ അനുപാതം 1:3 എന്ന ക്രമത്തിലാണ്. യോഗ്യരായ എച്ച്.എസ്.എ.മാരുടെ അഭാവത്തിൽ മാത്രമേ യു.പി. എസ്.എ./എൽ. പി. എസ്.എ. അദ്ധ്യാപകരെ എച്ച്.എസ്.എസ്.ടി. നിയമനത്തിന് പരിഗണിക്കുകയുള്ളൂ.

(സി) 16-4-2001-ൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷമാണ് മേൽപ്പറഞ്ഞ അനുപാതം പാലിക്കപ്പെടുന്നത്.

(ഡി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ 20-9-2001-ലെ കണക്ക് പ്രകാരം എച്ച്.എസ്.എസ്.ടി.-യുടെ 2843 തസ്തികകൾ ഉണ്ട്. ഇതിൽ തസ്തിക മാറ്റം (പ്രമോഷൻ) വഴി 455 നിയമനവും പി.എസ്.സി. വഴി 2222 നിയമനവും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(എഫ്) എൻ.ജെ.ഡി. വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതാണ്.

സഹകരണ ബാങ്കിലെ വായ്പാ നയത്തിലെ മാറ്റം

186 [1498] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ നൽകലിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ബാങ്കിന് ഇപ്പോൾ നബാർഡ് റീ ഫിനാൻസ് ലഭിക്കുന്നുണ്ടോ;

(ബി) ബാങ്ക് ഏതെല്ലാം മേഖലകളിൽ എത്രമാത്രം വായ്പ ലഭ്യമാക്കാനാണ് തന്നാണ്ടിൽ ലക്ഷ്യമിട്ടിട്ടുള്ളത്; പരമ്പരാഗത വ്യവസായങ്ങൾക്ക് ഈ വർഷം നൽകിയ വായ്പ വിശദമാക്കാമോ;

(സി) ഇപ്പോഴത്തെ ഭരണസമിതി നിലവിൽവന്നതിനുശേഷം ഇതേവരെ മറ്റേതെങ്കിലും ബാങ്കിന്റെയും സഹകാരിസ്ഥാപനങ്ങളുടേയും വായ്പ ടേക്ക് ഓവർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുകയുണ്ടായി; തുക സഹിതം വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ബാങ്ക് ഏറ്റെടുത്ത വായ്പകളിൽ ഇപ്പോൾ തിരിച്ചടവ് കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ നൽകലിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ബാങ്കിന് ഇപ്പോൾ നബാർഡ് റീ-ഫിനാൻസ് ലഭിക്കുന്നുണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് 2004-05 വർഷത്തിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള വായ്പകൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

പരമ്പരാഗത വ്യവസായങ്ങൾക്ക് ഈ വർഷം 556.59 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ടെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(ഡി) തിരിച്ചടവ് കുടിശ്ശിക ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly